**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1186** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പുലയനാർ കോട്ടയിൽ ചരിത്ര സ്മാരക സ്ഥാപനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി, ചെറുവക്കൽ വില്ലേജുകളിൽ ഉൾപ്പെടുന്ന പുലയനാർ കോട്ട പ്രദേശത്ത് നൂറ്റാണ്ടുകൾക്ക് മുമ്പ് പുലയ രാജവംശം നിലനിന്നിരുന്നോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** ഈ വിഷയം സാംസ്കാരിക വകുപ്പിന്റെ പരിധിയിൽപ്പെടുന്നില്ല.

**(ബി)** ഈ പ്രദേശത്ത് പുലയ രാജവംശവുമായി ബന്ധപ്പെട്ട ചരിത്ര സ്മാരകം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുലയനാർ കോട്ടയിൽ ചരിത്ര സ്മാരകം സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സാംസ്കാരിക വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

**(സി)** പൈതൃക സംരക്ഷണം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രദേശത്ത് പുലയ രാജവംശ ചരിത്ര സ്മാരകം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് 2023-ൽ പുലയനാർക്കോട്ട സംരക്ഷണ സമിതി സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുലയനാർ കോട്ടയിൽ ചരിത്ര സ്മാരകം സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സാംസ്കാരിക വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

**(ഡി)** വിവിധ കാലഘട്ടങ്ങളിൽ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് പുലയനാർ കോട്ടയിൽ ഭൂമി അനുവദിക്കുകയും സ്വകാര്യ ട്രസ്റ്റുകളും സ്ഥാപനങ്ങളും ഭൂമി കൈവശം വച്ചിരിക്കുകയും ചെയ്യുമ്പോഴും സ്മാരക നിർമ്മാണത്തിനായി സ്ഥലം വിട്ടു നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ബാധകമല്ല

**സെക്ഷൻ ഓഫീസർ**